


# IMAGINARIA

*Unleashing Creativity Within*

St.Mary's Higher Secondary School
Mullankolly, Pulpally - 673579
Wayanad Kerala

little KITEs



Sr.ജോസഫീന കെ.ടി

# ആശംസ

നമ്മുടെ സെൻ്റ്.മേരിസ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ സ്ക്കൂൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. ഒരു കാലത്ത് പേപ്പറും പേനയും ഉപയോഗിച്ച് രചനകൾ രൂപപ്പെട്ടപ്പോൾ, ഇന്ന് വിവര സാങ്കേതികവിദ്യയിലുള്ള അറിവും പരിചയവും, കീബോർഡും വിരലും ഉപയോഗിച്ച് അനായാസം സൃഷ്ടികൾ രൂപപ്പെടുത്തുന്നതിലേക്ക് വളർന്നിരിക്കുന്നു. കുട്ടികളുടെ അറിവും താല്പര്യവുമാണ് ഈ ഉദ്യമത്തിന്റെ പിന്നിൽ എന്ന് മനസ്സിലാക്കുന്നു. ക്ലബ്ബിൻ്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന കൈറ്റ് മാസ്റ്റർ ശ്രീ. ഷജിൽ സെബാസ്റ്റ്യനെയും മിസ്ട്രസ് മിസ്സ്. സീത. വി.മോഹനനെയും അഭിനന്ദിക്കുന്നതോടൊപ്പം ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

Sr.ജോസഫീന കെ.ടി
സെൻ്റ് മേരിസ് എച്ച്.എസ്.എസ്.
മുള്ളൻകൊല്ലി.





# ആശംസ

ഷജിൽ സബാസ്റ്റ്യൻ

ലിറ്റിൽ കേസ് 2022 –25 ബാച്ച് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ തീർത്തും പുതുമ നിറഞ്ഞതാണ്. സ്വതന്ത്ര സോഫ്റ്റ് വെയറായ സ്ക്രൈബസ് ഉപയോഗിച്ചാണ് പൂർണ്ണമായും ഇത് തയ്യാറാക്കിയത് .ലോകത്ത് അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിവരസാങ്കേതികവിദ്യ എത്രയും വേഗം കുട്ടികളിലേക്ക് എത്തിച്ചു ചേർക്കുക എന്ന കടമ കൃത്യമായി നിർവഹിക്കുന്ന KITE ന് പ്രത്യേക അഭിനന്ദനങ്ങൾ .ഇന്ത്യയിൽ ധാരാളം അച്ചടി മാധ്യമങ്ങൾ ഇപ്പോൾ സ്ക്രൈബസ് ഉപയോഗിക്കുന്നു എന്നതിലൂടെ സ്വതന്ത്ര സോഫ്റ്റ്‌വെയർ സങ്കല്പം കൂടുതൽ പൂർണ്ണതയിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. സ്കൂളിൽ ഇപ്പോൾ 118 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സിൽ ഉള്ളത് .അതിൽ 33 പേർ അടങ്ങിയ ഒൻപതാം ക്ലാസ് സംഘമാണ് ഈ ഡിജിറ്റൽ മാഗസിന് പിന്നിലുള്ളത് .ഇതിലേക്ക് സൃഷ്ടികൾ നൽകിയവർക്കും മാഗസിൻ മികച്ച രീതിയിൽ Layoutചെയ്ത എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

# അമ്മ



ആകാശത്തോളം
ഉയരമുള്ള
അടിത്തട്ടിൽ നിന്നും
അടർന്നു വീണ
അമൂല്യമായ
രത്നമാണെന്റെയമ്മ.

പുലരിയിൽ
തഴുകിയ കൈകളും
ഇരുളിൽ
തലോടിയ കരങ്ങളും
എന്റെമ്മതൻ ഹൃദയസ്നേഹമണുതന്നെ...

ഞാൻ മയങ്ങും വരെ
എൻപക്കലിരുന്നു
പാടുന്ന പാട്ടിന്റെ
ഭംഗിതൻ ആഴവും
എത്രയെന്നറിയുമോ
നാഥാ.....

എൻ ചേതന വിടരും
മുൻപേ
എൻ പ്രശ്നം നേരിടാൻ
സർവേശ്വരൻ
അറിഞ്ഞുതന്ന ഉത്തര-
മാണെന്റെയമ്മ.

സ്വന്തമെന്നു
പറയാൻ ആ നിധി
തന്ന നാഥാ......
നമിക്കുന്നു അങ്ങേ
ഞാൻ.....

# ജീവിതം

ഒരു കാട്ടിലെ പുഴവക്കിൽ നിറയെ മരങ്ങളുണ്ടായിരുന്നു. ആ മരക്കൂട്ടത്തിലായിരുന്നു എല്ലാ പക്ഷികളുടെയും താമസം. ഇടയ്ക്കിടെ പക്ഷികൾ ഒന്നിച്ചു കൂടും. പല വർണത്തൂവലുകളുള്ള പക്ഷികൾ. ഒരിക്കൽ അവർ ഒത്തു കൂടി. അപ്പോൾ പക്ഷികൾ അവരവരുടെ ഭംഗിയയെപ്പറ്റി വർണ്ണിക്കാൻ തുടങ്ങി. അപ്പോൾ ഒരു പക്ഷി കുയിൽ കുഞ്ഞിനെ നോക്കിയിട്ട് പറഞ്ഞു:"ദേ നോക്കിയെ..... അവളുടെ നിറം കണ്ടില്ലേ? എന്തിന് കൊള്ളാം".ഇതുകേട്ട് പക്ഷികൾ എല്ലാം പൊട്ടി ചിരിച്ചു. അവരുടെ കളിയാക്കലും ചിരിയുമെല്ലാം പാവം കുയിൽ കുഞ്ഞിനെ സങ്കടപ്പെടുത്തി.

രാത്രിയായപ്പോൾ കുയിൽ കുഞ്ഞ് കരച്ചിലോടു കരച്ചിൽ. അമ്മക്കുയിൽ കുയിൽ കുഞ്ഞിനോട് പറഞ്ഞു. "കുഞ്ഞേ, അവർക്കൊന്നുമില്ലാത്ത സുന്ദരമായ ഒരു കഴിവ് നിനക്കുണ്ട്".കുഞ്ഞ് അമ്മയെ മിഴിച്ചുനോക്കി. അമ്മ തുടർന്നു" നിന്റെ ശബ്ദം എത്ര മധുരമാണ്. നീ രാവിലെ എഴുന്നേറ്റു നിന്റെ സുന്ദര ശബ്ദത്തിൽ ഒരു പാട്ട് പാടണം. അപ്പോൾ നിനക്ക് ചിലത് മനസിലാകും". അതിരാവിലെ ഉണർന്ന് കുയിൽ കുഞ്ഞ് കൂടിന് പുറത്തെത്തി, മനോഹരമായി പാടാൻ തുടങ്ങി. അവളുടെ പാട്ട് കേട്ട് കിളികളെല്ലാം കൂടുകളിൽ നിന്നു പറന്നു അവളുടെ ചുറ്റും കൂടി. പാട്ട് അവസാനിച്ചപ്പോൾ കിളികളെല്ലാം പലപല ശബ്ദത്തിൽ അവളെ അഭിനന്ദിച്ചു. കുയിൽ കുഞ്ഞിന് സന്തോഷം അടക്കാനായില്ല!. ഈ ഭൂമിയിലുള്ള ഒന്നും മോശമല്ല, പാഴല്ല. എല്ലാം സുന്ദരമാണ്. നമുക്ക് ദൈവം തന്ന സുന്ദര സമ്മാനമാണ് നമ്മുടെ ജീവിതം.



# അരികിൽ വന്നിരുന്നെങ്കിൽ

അയ്യപ്പൻ തന്റെ ദേഹത്ത് പതിഞ്ഞ സൂര്യ കിരണങ്ങളുടെ ആഘാതമേറ്റാണ് ഉണർന്നത്. തന്റെ കൈകാലുകൾ ചലിപ്പിക്കാനാവാതെ രോഗത്തോട് മല്ലിട്ട് കിടക്കുകയാണ്. ആയ കാലത്ത് ചോരനീരാക്കി അദ്ധ്വാനിച്ച് തന്റെ രണ്ടു മക്കളേയും പഠിപ്പിച്ച് വലിയവരാക്കി. രാജ്യം കാക്കാൻപോയ തന്റെ മകന്റെ വേർപാട് അയാൾക്ക് താങ്ങാനാകുന്നതിനും അപ്പുറമായിരുന്നു. എന്നാൽ തന്റെ ഇളയമകനെ വിദേശത്തേക്ക് പറഞ്ഞയച്ചു. കാലം കടന്നുപോയിട്ടും തന്റെ മകൻ തന്നെ ഒരുനോക്കുപോലും കാണാൻ വന്നില്ല. ഇങ്ങനെയുള്ള ആലോചനകളിൽ മുഴുകിയിരുന്ന അയ്യപ്പനെ തട്ടിവിളിച്ച് സ്വബോധത്തിലേക്ക് കൊണ്ടുവന്ന ലീലയെ കണ്ട് നിനക്ക് ഈ ഒറ്റയ്ക്കുള്ള ജീവിതം മടുത്തോ എന്ന അയ്യപ്പന്റെ ചോദ്യത്തിന് വളരെ സന്തോഷത്തോടെ അവൾ പറഞ്ഞു എനിക്ക് അച്ഛന്റെ കൂടെ നിൽക്കുന്നതാണ് ഇഷ്ടം. അങ്ങനെയുള്ളപ്പോൾ ഞാനെങ്ങനെയാണ് ഒറ്റയ്ക്കാവുന്നത്. ഞാനങ്ങ് പോയാലോ എന്ന ചോദ്യത്തിന് അവൾ തലകുനിച്ച് നിന്നു. കാരണം മരണം കൺമുന്നിൽവന്നുനിൽക്കുന്ന എന്ന സ്വപ്നമെന്ന് വിശ്വസിക്കാൻ ആഗ്രഹിക്കുന്ന യാഥാർത്ഥ്യം അവൾ ഓർമ്മിച്ചു.



ജനാലയിലൂടെ പുറത്തേക്ക് നോക്കി തന്റെ മകനെപ്പറ്റിയോർക്കുന്നതാണ് പതിവ്. തന്റെ മകൻ തന്നെ വിളിക്കുകയോ തന്നെ കാണാൻ വരുകയോ ചെയ്യുന്നില്ല എന്ന സത്യം അദ്ദേഹം വളരെ സങ്കടത്തോടുകൂടെയാണ് അഭിമുഖീകരിക്കുന്നത്. എപ്പോഴും പ്രതീക്ഷയോടെ ലീലയോട് ചോദിക്കും അവൻ എന്റെ മകൻ വരുമോ എന്നെ കാണാൻ. അപ്പോൾ അവൾ ഒന്നും മിണ്ടാറില്ല. അവൻ വരില്ല എന്ന് ഉറപ്പാണെങ്കിലും ഒരു സമാധാനത്തിന് ഇടയ്ക്കിടെ ഓർമ്മപ്പെടുത്തൽ എന്നപോലെ പറയും.

മകനെ കാണാനും മിണ്ടാനും അവൻ തന്റെ അരികിൽ ഇത്തിരിനേരം ഇരിക്കണമെന്നുള്ള ഒരു അച്ഛന്റെ ആഗ്രഹം ഒരോ നിമിഷവും കാർന്നു തിന്നുകയാണ്. എങ്കിലും തന്റെ മകൻ സന്തോഷത്തോടെയായരിക്കും ഉണ്ടാവുക എന്ന വിശ്വാസത്തോടെ, എപ്പോൾ വേണമെങ്കിലും മരണത്തിന് കീഴടങ്ങും എന്ന സത്യം മനസ്സിലാക്കി തന്റെ മകനെ ഒരിക്കലും താൻ വെറുക്കുകയില്ലെന്ന ഉറപ്പോടെ നീങ്ങുകയാണ്. ഈശ്വരാ ഒരച്ഛന്റെ കണ്ണീരിന് വിലയില്ലേ......... ആദ്യത്തേയും അവസാനത്തേയും പ്രാർത്ഥന.

# മുറിവ്

ഇന്നും ആരോടെന്നില്ലാതെ ചാഞ്ഞു നിൽക്കുന്ന മരത്തിന്റെ ഉച്ചിയിൽ ഇരുന്നുകൊണ്ട് ഒരു കാക്ക ആരോടെന്നില്ലാതെ ഉറക്കെ തന്റെ പൂർവ സ്വരവും പുറത്തെടുത്തുകൊണ്ട് കരയുന്നുണ്ടായിരുന്നു. നേരം വെളുത്ത് വരുന്നതേയുള്ളൂ. പർവതത്തിന്റെ മുകളിൽ നിന്നും സൂര്യൻ എത്തിനോക്കാൻ തുടങ്ങിയിരിക്കുന്നു.

കണ്ണുകൾ തിരുമ്മിക്കൊണ്ട് അവൾ എഴുന്നേറ്റു. പ്രത്യക്ഷത്തിൽ  ഉഷാറോടെ ആണെങ്കിലും അവളുടെ ഉൾമനസ്സ് വല്ലാതെ ക്ഷീണിതയും ദുഃഖത്തോടെയും ആയിരുന്നു. 'കിടക്കുന്നത് മാത്രേ ഓർമ്മയുള്ളൂ. എത്ര പെട്ടന്ന് ആണ് നേരം വെളുക്കുന്നത് ' അവൾ സ്വയം ചോദിച്ചു. അവൾ ക്ലോക്കിൽ സമയം നോക്കി. ഞെട്ടി ചാടി എഴുന്നേറ്റ് അവൾ കുളിമുറിയിലേയ്ക്ക് ഓടി.ശേഷം,അവൾ അടുക്കളയുടെ അടുത്ത് എത്തി. അവിടെ എച്ചിൽ പത്രങ്ങളും വിതറി കിടക്കുന്ന ഭക്ഷണവിശ്ലിക്ഷ്ടങ്ങളും അവളുടെ മനസിനെ വീണ്ടും തളർത്തി. അവൾ ഒരു കുഞ്ഞു കസേര വലിച്ചിട്ട് അതിൽ കയറി നിന്നുകൊണ്ട് പത്രങ്ങൾ ഓരോന്ന് വീതം കഴുകാൻ തുടങ്ങി. സോപ്പ് കാരണം വഴുവഴുപ്പ് ഉണ്ടായ അവളുടെ കയ്യിൽ നിന്നും ഒരു ചില്ലിന്റെ ഗ്ലാസ് താഴെ വീണു പൊട്ടി. അവളുടെ കാൽ മുതൽ മുടി വരെ വിറയ്ക്കാൻ തുടങ്ങി. പെട്ടന്ന് ഒരു അലർച്ചയോടെ ഒരാൾ അവളുടെ അടുത്തേയ്ക്ക് ഓടി വന്നു. അയാൾ അവളുടെ മുടിയിൽ പിടിച്ചു വലിച്ചിറക്കി അവളെ വളരെ ഉപദ്രവിച്ചു. അയാൾ പോയ ശേഷം അവൾ എല്ലാം കഴുകി വച്ചു.ശേഷം,അവൾ എല്ലായിടവും ഒന്ന് വീക്ഷിച്ചു.

' ഇന്ന് പതിവിലും ആളുകൾ കൂടുതൽ ആണല്ലോ.' അവൾ മനസ്സിൽ കരുതി. രാവിലെ മുതൽ വൈകുന്നേരം വരെ ഉള്ള പത്രം കഴുകലും വൃത്തിയാക്കലും കഴിഞ്ഞ് അവൾ ആ ഹോട്ടലിന്റെ മൂലയ്ക്ക് ഉള്ള ഒരു ഭാഗത്ത് തന്റെ കീറിയ ഒരു പഴയ പുതപ്പ് വിരിച് ചുരുണ്ടു കിടന്നു. അവൾ പെട്ടന്ന് ഉറക്കത്തിലേയ്ക്ക് വഴുതി വീണു.

രാവിലെ ഒരു സ്ത്രീയുടെ ശബ്ദം കെട്ടാണ് അവൾ ഉണർന്നത്. കണ്ണും തിരുമ്മിക്കൊണ്ട് അവൾ അവിടെക്ക് പോയി എത്തി നോക്കി. ആ കാഴ്ച്ച അവളുടെ കുഞ്ഞു കണ്ണുകളെ വിശ്വസിപ്പിക്കാൻ ആയില്ല.. അവൾ 'അമ്മേ' എന്ന് വിളിച്ചുകൊണ്ട് ഓടി ചെന്ന് ആ സ്ത്രീയെ കെട്ടിപിടിച്ചു. അവർ രണ്ടുപേരും ഒരുപാട് കരഞ്ഞു. കരഞ്ഞുകൊണ്ട് അവൾ അമ്മയോട് ചോദിച്ചു.' വേഗം വരാന്ന് പറഞ്ഞിട്ട് എന്തെ ഇത്രയും നാൾ അമ്മ മോളെ കാണാൻ വരാഞ്ഞേ?' ആ അമ്മയ്ക്ക് സ്വന്തം കുഞ്ഞിനോട് പറയാൻ വാക്കുകൾ ഉണ്ടായിരുന്നില്ല. അവളെ വാരിപ്പുണർന്നുകൊണ്ട് അമ്മ ആ ഹോട്ടലിൽ നിന്നും ഇറങ്ങി. അവൾ സന്തോഷം കൊണ്ട് തുള്ളിചാടി.

ആരോ വാതിലിൽ മുട്ടുന്ന ശബ്ദം. അവൾ ചാടി എഴുന്നേറ്റു. വേഗം ചെന്ന് അവൾ അടുക്കളയിൽ കയറാൻ ഓടി. ഇന്ന് അയാൾ അവളെ തല്ലി കൊല്ലും എന്ന ഭയം അവളെ വല്ലാണ്ട് അലട്ടി. എന്നാലും താൻ കണ്ട സ്വപ്നത്തിന്റെ കുളിർമയിൽ തന്റെ അമ്മയെ കാത്തുകൊണ്ട് അവൾ എന്തും നേരിടാൻ തീരുമാനിച്ചു, തന്റെ അമ്മ ഇനി ഒരിക്കലും തിരിച്ചു വരില്ല എന്ന സത്യം മനസിലാക്കാതെ!



# ജനലരുകിൽ

എന്നും രാവിലെ മീനു എന്ന് അമ്മ നീട്ടിവിളിക്കും. ഇതുകേട്ട് മരത്തിലെ പക്ഷികൾ ഒക്കെ പറന്നുയരുന്നു. ഈ ശബ്ദങ്ങളൊക്കെ കേട്ട് മീനു എഴുന്നേൽക്കും. എഴുന്നേറ്റ് ഒരു നിമിഷം അവൾ ആ കിടക്കയിൽ ഇരിക്കും, അപ്പോൾ അമ്മ വന്ന് അവളെ എടുത്ത് അവളുടെ വീൽ ചെയറിലേക്ക് ഇരുത്തും. അതുമായി പതുക്കെ അവൾ ആ ജനൽ അരികിലേക്ക് പോകും. പുറത്തെ കാഴ്ചകൾ നോക്കിയിരിക്കും. അവൾ സ്കൂളിൽ പോകാറില്ല. എല്ലാദിവസവും വീട്ടിലിരിക്കുന്ന അവൾക്ക് കളിക്കുവാൻ ഒരു അനിയനോ അനിയത്തിയോ വേണമെന്നുണ്ട്.



പുറത്തേക്ക് പോകുന്ന അച്ഛനെ കാണുമ്പോൾ അവൾ ചോദിക്കും'ഞാനും വന്നോട്ടെ' എന്ന്. പക്ഷേ അച്ഛൻ പറയും 'പുറത്ത് അപകടമാണ്'. എന്നും പറഞ്ഞ് അച്ഛൻ പുറത്തേക്ക് പോകുന്നത് കാണുമ്പോൾ മീനുവിന് വളരെയേറെ വിഷമം തോന്നാറുണ്ട്. അവൾ ജനലിലൂടെ പുറത്തേക്ക് നോക്കി നിൽക്കും അപ്പോഴും അവൾ മനസ്സിൽ വിശ്വസിച്ചിരുന്നു എന്നെങ്കിലും ഒരു...

കഥ: ഇരുട്ടിൻ നിന്നൊരു മോചനം

സൂര്യൻ ഉദിച്ച് പ്രകാശം




ജനലുകളിൽ തട്ടിയപ്പോൾ ആണ് ദയ ഞെട്ടി ഉണർന്നത്.ജനലിൻ്റെ അരികിൽ നിന്ന് അവൾ പ്രകൃതിയെ ആസ്വദിച്ചു.പീന്നിട് അവൾ അടുക്കളയിലേക്ക് കയറി.അവളെയേറെ വേദനിപ്പിക്കുന്ന കാഴ്ച.തൻ്റെ പ്രിയപ്പെട്ട ജിമ്മി പതയിൽ കുളിച്ച് കിടക്കുന്നു.ഒരു അനക്കവുമില്ല.തൻ്റെ ജീവിതത്തിൽ പ്രിയപ്പെട്ടവരിൽ ഒരാളായിരുന്നു ജിമ്മി എന്ന തൻ്റെ നായ് കുട്ടി.

ഒറ്റയ്ക്കാണ് അവൾക്കൊരു തുണയായിരുന്നു ജിമ്മി.തൻ്റെ വിഷമങ്ങളെല്ലാം പങ്കുവെക്കുന്ന ഒരാളായിരുന്നു.തൻ്റെ ജീവിതത്തിൽ നിന്നും ഒരിക്കലും പിരിയുകയില്ല എന്ന് അവൾ കരുതി.

പിന്നീട് അവൾ വിഷമം എല്ലാം അടക്കി.താൻ ജോലി ചെയ്യുന്ന വീട്ടിലേക്ക് പോയി."നീ വീട്ടിൽ തനിച്ചല്ലേ നിനക്ക് ഇവിടെ താമസിച്ചൂടെ"അവളോട് ആ വീട്ടിലെ മുത്തശ്ശി ചോദിച്ചു.ഒന്നു പറയാനാകാതെ അവൾ ജോലി തുടർന്നു.അവൾ മനസ്സിൽ ആലോചിച്ചു."ഞാൻ ഇവിടെ നിൽക്കുന...

# വിദ്യാലയം

അറിവിൻ സാഗരത്തിൽ മുങ്ങുന്ന
ഒരു ശിശുവാണു ഞാൻ
ആ വിദ്യാലയത്തിൽ വാതിൽപ്പടിയിൽ
നിന്നതേ എൻ ഓർമ്മ
വിജ്ഞാനസ്രോതസ്സും വിദ്യാലയത്തെ ഞാൻ
വിദ്യാ ദൈവമാണ് കരുതി
വിദ്യാഅമ്പലത്തിലെ വിഗ്രഹത്തെ
ആയിരം തവണ വണങ്ങി
ഭൂമിതൻ നെറുകയിൽ കയറുവാൻ
വിദ്യാലയം തുണയായി




വികസനപാതയിൽ നീ മറഞ്ഞു
പോവുന്നത് എന്തേ?
നീ എനിക്കു നൽകിയ വിദ്യ
വേരായി എനിൽ
മറയുവാനായി നീ എന്തിനു
ഉത്ഥിതനാകുന്നു
വിദ്യായായി മനുഷ്യനായി വന്ന
നന്മയെ
നന്മയെ എനിക്കു നൽകിയ നീ
എവിടേക്കു മറഞ്ഞു പോകുന്നു



# ജ്ഞാനം

അൽപജ്ഞാനംശിരസ്സിൽ വഹിച്ചു
നടന്നു പോകുന്നു ഞാൻ
ഭൂമിയുടെ സ്വന്തമാം ഉപ്പിൻ്റെ സ്വന്തം
രുചിയാണ് എനിക്കെന്ന് ചൊല്ലുന്നു
നൂറുവർഷം ഞാൻ ജീവിച്ചാലും
എന്നുടെ ഹൃദയത്തിൽ ജ്ഞാനമില്ല
എന്നുടെ ശിരസ്സിൽ ജ്ഞാനമില്ല
യഥാർത്ഥ ജ്ഞാനം ബോദ്ദോധയമാണ്
ബോധമോ അറിവിനും പകരം
മദ്ധാബുദ്ധിയെന്ന് എന്നെ വിളിച്ചാലും
എന്നുടെ ബോധമേ ഉള്ളിൽ വിടരുക
മനുഷ്യന് വേണ്ടത് ജ്ഞാനമാണ്
ശക്തിയോ വേണ്ട ബോധമേ വേണം
ശക്തതനേ തോൽപിക്കാൻ
പ്രയാസമില്ലാതെ
ജ്ഞാനമാണാവശ്യം ശക്തിയല്ല
ജ്ഞാനമേ വരൂ ബോധമായ് വരൂ
ലോകത്തെ വിവേകിയാക്കൂ
പ്രകാശമായ്ം ഭൂമിയെ മാറ്റിടൂ



# വിരഹമീയാത്ര

നീയൊരു നോവായി വിങ്ങലായി
എന്നുമുണ്ടെൻ ഉള്ളിൽ.
നീയുമായി പങ്കിട്ട നിമിഷങ്ങൾ
ഓർക്കുന്നു ഞാനെൻ സഖീ...
അകലെ നീ പോയാലും എൻ മനസ്സിൽ
എന്നുമുണ്ടുനിന്നോർമ്മകൾ...
പ്രതിസന്ധിഘട്ടങ്ങളിൽ ഞാൻ
തളർന്നിരിക്കുമ്പോൾ
തണലായിനീയെൻ അരികി-
ലുണ്ടായിരുന്നല്ലോ...
നിന്നഭാവം എൻ മനസ്സിലുണ്ടാക്കിയ
വിള്ളൽ മാറ്റുവാനാകുമോ?
മറക്കുവാനാകുമോ സഖി നിന്നെയും
നിന്നോർമ്മകളും......

# ഇല പൊഴിക്കാത്ത മരങ്ങൾ

കാട്ടിലെ മൂത്തതാം  കൊട്ടുവൃക്ഷം
വീട്ടിലെ നാഥയാം അമ്മപ്പോൽ
ചില്ലകൾ വിരിച്ച തണലേകി
നെഞ്ചോട് ചേർത്ത് പിടിക്കുന്നു.

പടർന്നു പന്തലിച്ച വേരുകൾ
മണ്ണിനെ മാറോട് ചേർക്കുന്നു
സൂര്യന്റെ ചൂടിലും കൊട്ടുവേനലിലും
ആശ്വാസമേകി ആ കാടിൻ വൃക്ഷം

ഇലകൾ  പൊഴിക്കാതെ  സൂര്യകിരണങ്ങൾ
തലയിൽ ഏറ്റു വാങ്ങി
നമ്മെ കൊട്ടും ചൂടിൽ നിന്ന്
കാത്ത് രക്ഷിച്ചൊരു കാടിൻ വൃക്ഷം

# ഇരുട്ടിൽ നിന്നൊരു മോചനം


സൂര്യൻ ഉദിച്ച്
പ്രകാശം
ജനലുകളിൽ
തട്ടിയപ്പോൾ ആണ് ദയ
ഞെട്ടി
ഉണർന്നത്.ജനലിന്റെ
അരികിൽ നിന്ന് അവൾ
പ്രകൃതിയെ ആസ്വദിച്ചു.പിന്നിട്
അവൾ അടുക്കളയിലേക്ക്
കയറി.അവളെയേറെ
വേദനിപ്പിക്കുന്ന കാഴ്ച.തന്റെ
പ്രിയപ്പെട്ട ജിമ്മി പതയിൽ കുളിച്ച്
കിടക്കുന്നു.ഒരു
അനക്കവുമില്ല.തന്റെ
ജീവിതത്തിൽ പ്രിയപ്പെട്ടവരിൽ
ഒരാളായിരുന്നു ജിമ്മി എന്ന
തന്റെ നായ് കുട്ടി.

ഒറ്റയ്ക്കാണ് അവൾക്കൊരു
തുണയായിരുന്നു ജിമ്മി.തന്റെ
വിഷമങ്ങളെല്ലാം പങ്കുവെക്കുന്ന
ഒരാളായിരുന്നു.തന്റെ
ജീവിതത്തിൽ നിന്നും ഒരിക്കലും
പിരിയുകയില്ല എന്ന് അവൾ
കരുതി.

പിന്നീട് അവൾ വിഷമം
എല്ലാം അടക്കി.താൻ
ജോലി ചെയ്യുന്ന
വീട്ടിലേക്ക് പോയി."നീ
വീട്ടിൽ തനിച്ചല്ലേ
നിനക്ക്
ഇവിടെ
താ
മസിച്ചൂടെ"അ
വളോട് ആ
വീട്ടിലെ മുത്തശ്ശി
ചോദിച്ചു.ഒന്നു
പറയാനാകാതെ അവൾ
ജോലി തുടർന്നു.അവൾ
മനസ്സിൽ ആലോചിച്ചു."ഞാൻ
ഇവിടെ നിൽക്കുന്നത് തന്നെ
സൂര്യ ചേച്ചി (മുത്തശ്ശിയുടെ കൊച്ച്
മകൾ) ഇഷ്ടം അല്ല".

എന്നാൽ അവളെയങ്ങനെ
വിടാൻ
താൽപര്യമിരുന്നു.മുത്തശ്ശിയവളെ
ദത്തെടുക്കാൻ തീരുമാനിച്ചു.പിന്നീട്
ദത്തെടുക്കുകയും ചെയ്തു.അവളുടെ
മുന്നിൽ സന്തോഷവും സങ്കടവും
ഒരുപോലെ വന്നു. ഒറ്റയ്ക്കായിരുന്നു
അവൾ.അവൾക്ക് പുതിയ
കുടുംബത്തെ കിട്ടി .സംഭവിക്കുന്ന
ക്രൂരതയും ഓർത്തവൾ
പരിഭ്രാന്തയാണ്.

അവൾ ആ വീട്ടിൽ വന്ന്
കയറിയപ്പോൾ സൂര്യ ചേച്ചി
കുത്തിപ്പറയാനും തുടങ്ങി."ഇവിടെ
വീട്ടിൽ വേലക്കാരിക്കാണ്
കിരീടം".എന്ന് സൂര്യ പറഞ്ഞു.
ഒരിക്കൻ സൂര്യയുടെ
സംഭാഷണം അവൾ
കേൾക്കാനിടയായി."
ഈ വീട്ടിൽ സ്വന്തം
കൊച്ച്
മകളെ



ക്കാൾ സ്ഥാനം ആ വേലക്കാരിയായ ദയയ്ക്കാണ്.എനിക്ക് മാത്രമായി കിട്ടേണ്ട സ്വത്ത് ഇപ്പോൾ വേലക്കാരിക്ക് കൊടുക്കേണ്ട അവസ്ഥയാണ്.അവളെ എങ്ങനെയെങ്കിലും ഇല്ലാതാക്കണം". അതേ സമയം ഇതെല്ലാം കേട്ടുകൊണ്ട് മുത്തശ്ശി അവിടെ നിന്ന് സൂര്യയുടെ അടുത്തേക്ക് വന്നു.മുത്തശ്ശിയുടെ ആവലാതി എന്ത് ചെയ്യണമെന്നറിയാതെ വിദേശത്തായ അവളുടെ മാതാപിതാക്കളെ വിളിച്ചറിയക്കുകയും ചെയ്യ്തു.ഉത്തമമായി തീരുമാനമെടുക്കാൻ മുത്തശ്ശി പറഞ്ഞു.

ഇതെല്ലാം കേട്ട് സൂര്യയുടെ മാതാപിതാക്കൾ ഏറെ വിഷമിപ്പിക്കുകയും .അതിന് പ്രത്യുപകാരം ആയി ദയയെ വിഷമിപ്പിക്കാതെ സൂര്യയെ വിദേശത്തേക്ക് കൊണ്ടുപോകാൻ അവർ തീരുമാനിച്ചു.

മുത്തശ്ശിയോടൊപ്പം ദയ നല്ലൊരു ജീവിതം നയിക്കുകയും മുത്തശ്ശിയെ നന്നായി നോക്കുകയും ചെയ്യുന്നു .



# രണ്ട് കൂട്ടുകാർ

രണ്ടു കൂട്ടുകാർ മരുഭൂമിയിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു അങ്ങനെ യാത്രക്കിടയിൽ ഒരു തർക്കത്തിൽ ഇടയിൽ ഒരു കൂട്ടുകാരൻ ഒരാളെ തല്ലി അടികൊണ്ട് കൂട്ടുകാരൻ ഒരുപാട് വേദനിച്ചു പക്ഷേ അവൻ ഒന്നും പറഞ്ഞില്ല മറിച്ച് ആ മണലിൽ എഴുതി ഇന്ന് എൻറെ പ്രിയ കൂട്ടുകാരൻ എന്റെ മുഖത്തടിച്ചു അങ്ങനെ അവർ വീണ്ടും യാത്ര തുടർന്ന് യാത്രയുടെ ഇടയിൽ അവർക്ക് ഒരു മരുപ്പച്ച കാണാൻ സാധിച്ചു അങ്ങനെ അവർ രണ്ടാളും അതിൽ വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ ആദ്യത്തെ അടി കൊണ്ട് കൂട്ടുകാരൻ ഒരു ചളിക്കുണ്ടിൽ അകപ്പെട്ട് മുങ്ങാൻ തുടങ്ങി പക്ഷേ അവന്റെ പ്രിയ കൂട്ടുകാർ അവനെ രക്ഷിച്ചു ഒരു ഷോക്കിൽ നിന്ന് അവൻ തിരിച്ചു വന്നതിനു ശേഷം അവിടെയുള്ള ഒരു കല്ലിൽ അവൻ എഴുതി ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു അവരെ അടിച്ചതും അവന്റെ ജീവൻ രക്ഷിച്ചതുമായ ആ പ്രിയ കൂട്ടുകാരൻ അവനോട് ചോദിച്ചു ഞാൻ നിന്നെ വേദനിച്ചപ്പോൾ നീയത് മണലിൽ എഴുതി എന്നാൽ ഇപ്പോൾ എന്തുകൊണ്ടാണ് നീയത് കല്ലിൽ എഴുതിയത് കൂട്ടുകാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മെ വേദനിപ്പിക്കുമ്പോൾ അത് നമ്മൾ മണലിൽ എഴുതി വെക്കണം അവിടെയാകുമ്പോൾ ശബാശീലമുള്ള കാറ്റിന് വായിച്ചുകളയാൻ സാധിക്കും പക്ഷേ ആരെങ്കിലും നമുക്ക് നല്ലത് ചെയ്തു തന്നാൽ അത് നമ്മൾ കല്ലിൽ കൊത്തിവെക്കണം ഒരു കാറ്റിലും മായ്ക്കാൻ പറ്റാത്തത് പോലെ നമ്മുടെ ജീവിതത്തിൽ നമ്മൾസ്നേഹിക്കുന്നവർക്കും നമ്മളെ സ്നേഹിക്കുന്നവർക്കും ആണ് വസ്തുക്കളെ ക്കാളും – നമ്മുടെ അഭിമാനത്തേക്കാളും ഒക്കെ പ്രാധാന്യം കൊടുക്കേണ്ടത് അതുകൊണ്ട് തന്നെ നമ്മുടെ സൗഹൃദങ്ങളുമൊക്കെ നല്ലതുപോലെ കൊണ്ടു പോകാം





# തേനീച്ചയും മാടപ്രാവും

ഒരിക്കൽ ഒരു തേനീച്ച തടാകത്തിൽ വീണു അവൻ ആ വെള്ളത്തിൽ നിന്ന് പുറത്തേക്ക് വരാൻ ഒരുപാട് പ്രയാസപ്പെട്ടു അവൻറെ ചിറകുകളും നനഞ്ഞു പോയി അതുകാരണം അവന് പറക്കാനും കഴിഞ്ഞില്ല തടാകത്തിനടുത്ത് മരത്തിൽ ഒരു മാടപ്രാവ്ഇരിക്കുന്നുണ്ടായിരുന്നു ജീവനുവേണ്ടി പോരാടുന്ന തേനീച്ചയെ അവൾ കണ്ടു അവൾ ഒരു ഇല പറിച്ച് കൊടുത്തു അതിൽ കയറിയിരുന്നു അവൾ തന്റെ കൊക്കുകൊണ്ട് കൊത്തിയെടുത്ത് തടാകത്തിന്റെ വെളിയിൽ കൊണ്ടുവന്നു കുറച്ചു കഴിഞ്ഞപ്പോൾ ആ തേനീച്ച മറന്നുപോയി കുറെ ദിവസങ്ങൾക്കുശേഷം തടാകത്തിലെ മരത്തിലിരുന്ന് ഉറങ്ങുകയായിരുന്നു ഒരു വികൃതിയായ കുട്ടിയെ തെറ്റാലി കൊണ്ട് കല്ലെറിയാൻ ശ്രമിച്ചു തേനീച്ച ആ വികൃതിയായി കുട്ടിയെ കണ്ടു ആ കുട്ടി പ്രാവിനെ അപകടത്തിലാക്കാൻ തുടങ്ങിയപ്പോൾ തേനീച്ച ആ കുട്ടിയുടെ കയ്യിൽ ആഞ്ഞുകുത്തി. കുട്ടി വേദന കൊണ്ട് കരയാൻ തുടങ്ങി അത് കേട്ട് ഉണർന്ന പ്രാവ് അവിടെ നിന്നും പറന്നുപോയി.

## ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും ................................

ചിതറിത്തെറിക്കുന്ന
ചിന്തകളിൽ
എപ്പോഴും
നിൻറെ ഈ പുഞ്ചിരി ഒന്നുമാത്രം
മഴവില്ല് പോലെ നീ..... മനസ്സിൽ
തെളിയുമ്പോൾ
ഉയരുന്നു എന്നിലെ
മോഹങ്ങളും ചിതറിത്തെറിക്കുന്ന
ചിന്തകളിലെപ്പോഴും
നിൻറെ ഈ പുഞ്ചിരി
ഒന്നു മാത്രം